**പോലീസ് വകുപ്പ്**

**കേരളം**

**No. B6-80465/2017/TC**

സിറ്റി പോലീസ് ഓഫീസ്,
തിരുവനന്തപുരം
cptvm.pol@kerala.gov.in
04712320579
തീയതി. 12-04-2018

**<u>പുനർലേലപരസ്യം</u>**

തിരുവനന്തപുരം വിഴിഞ്ഞം പോലീസ് സ്റ്റേഷൻ കാമ്പൌണ്ടിൽ നിൽകുന്ന ഒരു പ്ലാവ്, കടപുഴകി നിൽക്കുന്നത് മുറിച്ച് മാറ്റി നിയമാനുസരണം ലേലം ചെയ്യുന്നതിന് 21.04.2018 ന രാവിലെ 11 മണിക്ക് പ്രസ്തുത വിഴിഞ്ഞം പോലീസ് സ്റ്റേഷൻ കോമ്പൌണ്ടിൽ പരിസരത്തു വച്ച് നടത്തപ്പെടുന്നതാണ്.

പ്രസ്തുത ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ നിരത ദ്രവ്യമായി 3000/- രൂപ ലേല ദിവസം രാവിലെ ലേല സ്ഥലത്ത് അടച്ച് രസീത് വാങ്ങേണ്ടതാണ്. അസിസ്റ്റൻറ് ഫോറെസ്റ്റ് കൺസർവേറ്റർ, സോഷ്യൽ ഫോരെസ്ട്രി ഡിവിഷൻ നിശ്ചയിച്ച ₹ 32,597/- രൂപ ലേലം ആരംഭിക്കുകയും, കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്ന വ്യക്തിക്ക് ലേലം ഉറപ്പിക്കുന്നതും, ലേലം കൊള്ളുന്ന വ്യക്തി നിരത ദ്രവ്യം കഴിച്ച് ലേല സംഖ്യയും, ലേലതുകയുടെ 5% വനവികസന നികുതിയും, വനവികസന നികുതിയുടെയും, ലേലതുകയുടെയും 18% ജി.എസ്.ടി യും കൂടി അടയ്ക്കേണ്ടതാണ്. ലേലം കൊണ്ട വ്യക്തി സ്വന്തം ചിലവിൽ മരം മുറിച്ച് മാറ്റി കൊണ്ട് പോകേണ്ടതാണ് ലേലം കൊണ്ട വ്യക്തി മേൽ പ്രസ്താവിച്ച ലേല വ്യവസ്ഥയ്ക്ക് വിരുദ്ധമായി പ്രവർത്തിച്ചാൽ ലേലം അസ്ഥിരപ്പെടുത്തുന്നതും പുനർലേലം ചെയ്യുന്നതുമായിരിക്കും. ആയതിനാൽ ഏതെങ്കിലും രീതിയിൽ നഷ്ടം സംഭവിച്ചാൽ ആദ്യലേലം കൊണ്ട വ്യക്തിയിൽ നിന്നും നഷ്ട പരിഹാരം ഈടാക്കുന്നതായിരിക്കും. ലേല ദിവസത്തിന് മുമ്പുള്ള പ്രവൃത്തി ദിവസത്തിൽ രാവിലെ 12 നും വൈകിട്ട് 5നും ഇടയ്ക്കുള്ള സമയങ്ങളിൽ കമാണ്ടൻറ് ഓഫീസറുടെ സാന്നിദ്ധ്യത്തിൽ ലേലം ചെയ്യുന്ന മരങ്ങൾ പരിശോധിക്കാവുന്നതാണ്.

യാതൊരു കാരണവും കാണിക്കാതെ ലേലം മാറ്റി വെക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം ജില്ല പോലീസ് മേധാവിക്ക് നിക്ഷിപ്തമായിരിക്കും.

രമേഷ് കുമാർ പി എൻ
ഡെപ്യൂട്ടി പോലീസ് കമ്മീഷണർ
For District Police Chief

B6-80465/2017/TC

4d67df